File No.LSGD-DA2/38/2019-LSGD

G.O.(Rt)No.1419/2019/LSGD

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് -മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്ത് - 2019 -20 വാർഷിക പദ്ധതി -പഞ്ചായത്ത് ഓഫീസിനു സ്ഥലം വാങ്ങാനും കെട്ടിടം പണിയാനും റോഡ് മെയിന്റനൻസ് ഗ്രാന്റ് വിഹിതത്തിൽ നിന്ന് തുക ചെലവഴിക്കുന്നത് - അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ)നം.1419/2019/തസ്വഭവ | തിരുവനന്തപുരം, തീയതി, 09.072019

---

പരാമർശം :- 1. മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ .05.2019-ലെ കത്ത് .
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 20/06/2019-ലെ 4.3 നമ്പർ തീരുമാനം .

## ഉത്തരവ്

നിലവിൽ മക്കരപ്പറമ്പ് ഗ്രാമ പഞ്ചായത്ത് ഓഫീസിന് അടിസ്ഥാന സൗകര്യങ്ങൾ പരിമിതമാണ്.ആയതിനാൽ പഞ്ചായത്ത് 20 സെന്റ് സ്ഥലം വാങ്ങി പുതിയ കെട്ടിടം പണിയാൻ ഉദ്ദേശിക്കുകയും ബഹു. T.A അഹമ്മദ് കബീർ MLA യുടെ ആസ്തി വികസന പദ്ധതിയിൽ 50.00 ലക്ഷം രൂപ കെട്ടിട നിർമ്മാണത്തിന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. തനതുഫണ്ട് വളരെ പരിമിതമാണ് . റോഡ് മെയിന്റനൻസ് ഗ്രാന്റ് ഇനത്തിൽ 1,83,90,000/- രൂപ ഈ വർഷം ലഭിച്ചു. പ്രളയത്തിനുശേഷം മിക്ക റോഡുകളുടേയും അറ്റകുറ്റപ്പണി നടത്തി. ഇനിയും 1.00 കോടി രൂപ മാത്രമേ ഇതിന് ആവശ്യമുള്ളൂ. അതിനാൽ ശേഷിക്കുന്ന 83,90,000/- രൂപ പഞ്ചായത്ത് ഓഫീസിനു സ്ഥലം വാങ്ങാനും കെട്ടിടം പണിയാനും അനുമതി നൽകണമെന്ന് മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം 1 പ്രകാരം അപേക്ഷിച്ചിരുന്നു.

2) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 20.06.2019 ൽ ചേർന്ന യോഗം ഈ വിഷയം വിശദമായി പരിശോധിച്ചു. മക്കരപ്പറമ്പ് പഞ്ചായത്ത് ഓഫീസിനു സ്ഥലം വാങ്ങാനും കെട്ടിടം പണിയാനും റോഡ് മെയിന്റനൻസ് ഗ്രാന്റ് വിഹിതത്തിൽ നിന്ന് 83,90,000/- രൂപ ചെലവഴിക്കുന്നത് സംബന്ധിച്ച ആവശ്യത്തിന് റോഡ് പ്രവൃത്തികൾക്ക് ഈ വർഷം മെയിന്റനൻസ് ആവശ്യമില്ലെന്ന് ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തണം, തനത് ഫണ്ട് ലഭ്യമല്ലെന്ന് പഞ്ചായത്ത് സെക്രട്ടറിയും സാക്ഷ്യപ്പെടുത്തണം എന്നീ നിബന്ധനകളോടെ അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
പാറ്റ് സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്ത്,മലപ്പുറം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, പട്ടം. തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ (അർബൻ)പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ (റൂറൽ)പി.എയ്ക്ക്